മുഖക്കുറിപ്പ്

# ചുരുളഴിയാത്ത ഗോധ്രാ ദുരന്തം

**2002-ൽ** ഗുജറാത്തിൽ നടന്ന മുസ്‌ലിംവിരുദ്ധ കലാപത്തിന് നിമിത്തമായ ഗോധ്രാ തീവണ്ടിദുരന്തത്തിന്റെ യഥാർഥ കാരണം ഇന്നും അജ്ഞാതമായി അവശേഷിക്കുകയാണ്. ഔദ്യോഗികവും അനൗദ്യോഗികവുമായ വിവിധ ഏജൻസികൾ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു. ഈ അന്വേഷണങ്ങളാരംഭിക്കുന്നതിനു മുമ്പുതന്നെ ഗുജറാത്ത് സർക്കാർ ഒരുകാര്യം ഉറപ്പിച്ചു പറഞ്ഞു: അയോധ്യയിൽനിന്ന് മടങ്ങുന്ന കർസേവകരെ കൊല്ലാൻ ഗോധ്രയിൽ വെച്ച് ചില മുസ്‌ലിംകൾ സബർമതി എക്സ്പ്രസ്സിന് തീവെക്കുകയായിരുന്നുവെന്ന്. അതിന്റെ പ്രതികരണമാണ് തുടർന്ന് സംസ്ഥാനത്തുണ്ടായ വർഗീയ കലാപം. ലളിതമായ രണ്ട് സമവാക്യങ്ങളാണ് സർക്കാർ ഭാഷ്യത്തിന്റെ അടിത്തറ. ഒന്ന്, ദുരന്തത്തിൽ കൊല്ലപ്പെട്ടത് കർസേവകർ = കൊന്നത് മുസ്‌ലിംകൾ. മുസ്‌ലിംകളല്ലാതെ മറ്റാരാണ് കർസേവകരെ ആക്രമിക്കുക? രണ്ട്, കരണം = പ്രതികരണം. മുസ്‌ലിംകൾ ഹിന്ദുക്കളെ ആക്രമിച്ചു. അതിനു പ്രതികാരമായി മുസ്‌ലിം സമുദായം ശിക്ഷിക്കപ്പെടേണ്ടതുണ്ടായിരുന്നു. ആ ശിക്ഷയാണ് മുസ്‌ലിംവിരുദ്ധ കലാപം. ഗുജറാത്തിൽ മുസ്‌ലിംകൾക്കെതിരെ അരങ്ങേറിയ മനുഷ്യത്വത്തെ ലജ്ജിപ്പിക്കുന്ന ക്രൂരതകൾക്കെല്ലാം അവരുടെ ദൃഷ്ടിയിൽ ഈ സമവാക്യങ്ങൾ മതിയായ ന്യായമാകുന്നു.

സംസ്ഥാന സർക്കാർ കുറ്റവാളികളെ പ്രഖ്യാപിക്കുകയും ജനത ഒരു സമുദായത്തെ ഒന്നടങ്കം ചരിത്രത്തിൽ തുല്യതയില്ലാത്തവിധം ശിക്ഷിക്കുകയും ചെയ്തിട്ട് നാലു വർഷം പിന്നിട്ടെങ്കിലും സംഭവത്തിലെ യഥാർഥ പ്രതികളാരെന്ന് ചൂണ്ടിക്കാണിക്കാൻ ഒരു ഏജൻസിക്കും കഴിയുന്നില്ല. തീവണ്ടിക്ക് തീ പിടിച്ചതെങ്ങനെയാണ്? തീ വെച്ചതാണെങ്കിൽ അതാരാണ്, എപ്പോഴാണ്, എങ്ങനെയാണത് ചെയ്തത്? മരിച്ചവർ ആരൊക്കെ? ഇങ്ങനെയുള്ള അടിസ്ഥാനപ്രധാനമായ ഒട്ടേറെ ചോദ്യങ്ങളുടെ വ്യക്തമായ ഉത്തരം ഇനിയും കണ്ടെത്തേണ്ടതായിട്ടാണിരിക്കുന്നത്. സർക്കാറിന് നൽകാനുള്ളത് പൊതുവായ ഒരു ഉത്തരമാണ്: ഗോധ്രയിൽ വെച്ച് സാമൂഹികവിരുദ്ധരായ ചില മുസ്‌ലിംകൾ പുറത്തുനിന്ന് കർസേവകർ സഞ്ചരിക്കുന്ന തീവണ്ടിക്കുള്ളിലേക്ക് പെട്രോളൊഴിച്ച് തീകൊളുത്തി. കർസേവകർ വെന്തുമരിച്ചു. അത്രതന്നെ. നടേ പറഞ്ഞ സമവാക്യങ്ങൾ തന്നെ തെളിവ്. സംസ്ഥാന സർക്കാർ കുറേ മുസ്‌ലിംകളെപ്പിടിച്ച് ടാഡ ചുമത്തി ജയിലിലടച്ചിട്ടുണ്ട്.

മുസ്‌ലിംകളിലാരും ഇതുവരെ സംഭവത്തിന്റെ ഉത്തരവാദിത്വമേറ്റെടുക്കുകയോ കുറ്റം സമ്മതിക്കുകയോ ചെയ്തിട്ടില്ല. മരിച്ചവരെല്ലാം കർസേവകരാണ് എന്നതടക്കം സംഭവത്തെക്കുറിച്ച് പ്രചരിപ്പിക്കപ്പെടുന്ന വാദങ്ങളെല്ലാം സംശയാസ്പദങ്ങളാണെന്നും സത്യം മറ്റെന്തെങ്കിലുമായിരിക്കാനുള്ള സാധ്യത തള്ളിക്കളയാവതല്ലെന്നുമാണ് എൻ.ഡി.എ ഭരണകാലത്ത് റെയിൽവേ നിയോഗിച്ച വകുപ്പുതല അന്വേഷകർ എത്തിച്ചേർന്ന നിഗമനം. കേന്ദ്രത്തിൽ ഭരണകക്ഷി മാറിയ ശേഷം റെയിൽവേ സ്വന്തമായി നിയോഗിച്ച അന്വേഷണ കമീഷൻ പറഞ്ഞത് തീവണ്ടി ദുരന്തം മിക്കവാറും യാദൃഛിക അത്യാഹിതമായിരിക്കണമെന്നാണ്. തീ പടർന്നത് വണ്ടിക്കുള്ളിൽനിന്നുതന്നെയാണ്. കത്തിയ കോച്ചുകളുടെ അവശിഷ്ടങ്ങൾ നൽകുന്ന തെളിവുകൾ പുറത്തുനിന്ന് പെട്രോളൊഴിച്ച് തീകൊളുത്തി എന്ന നിഗമനത്തെ അസാധുവാക്കുന്നതാണെന്നും കമീഷൻ ചൂണ്ടിക്കാണിച്ചു. ഈ കമീഷന്റെ പ്രവർത്തനത്തിനു മുമ്പിൽ ഉയർത്തപ്പെട്ട കടമ്പകൾ തന്നെ പലവിധ സംശയങ്ങൾക്കിട നൽകുന്നതായിരുന്നു. അതുകൊണ്ട് കമീഷന്റെ കണ്ടെത്തലുകൾ അവഗണിക്കപ്പെട്ടതിൽ അത്ഭുതമില്ല. സംസ്ഥാന സർക്കാർ നിയോഗിച്ച കമീഷനാകട്ടെ നാലുകൊല്ലം കഴിഞ്ഞിട്ടും ഇരുട്ടിൽ തപ്പിക്കൊണ്ടേയിരിക്കുന്നു. തീവണ്ടി ദുരന്തത്തെയും തുടർന്ന് നടന്ന വംശഹത്യയെയും സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളെല്ലാം ഉദ്ദേശ്യശുദ്ധിയിൽ വലുതായ സംശയമുളവാക്കുന്ന രീതിയിലുള്ളതാണ്. ആകെക്കൂടി ഒരു പ്രഹേളികയായിരിക്കുകയാണ് തീവണ്ടിദുരന്തം.

ഇതുവരെ ലഭ്യമായ വിവരങ്ങൾ വെച്ചുനോക്കുമ്പോൾ ഗോധ്ര ദുരന്തത്തിനു പിന്നിൽ വൻ ഗൂഢാലോചനയുണ്ടെന്നു തന്നെ കരുതേണ്ടിയിരിക്കുന്നു. യാദൃഛിക അത്യാഹിതമായിരിക്കാൻ മികച്ച സാധ്യതയുള്ള ഒരു സംഭവത്തെ ആ നിലക്ക് പരിശോധിക്കാൻ കൂട്ടാക്കാതെ, ആസൂത്രിത ഗൂഢാലോചനയുടെ ഫലമായി വ്യാഖ്യാനിക്കാൻ പാടുപെടുന്നതിൽ തന്നെയില്ലേ ഒരു ഗൂഢാലോചനയുടെ ഗന്ധം? സംഭവത്തിന്റെ, ഈയിടെ നിവർന്നുവന്ന ഒരു ചുരുൾ ഈ ഗന്ധത്തെ കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നു. സത്യം എത്ര കനത്ത അടപ്പിട്ടു മൂടിവെച്ചാലും ഒരു ദിവസം പുറത്തുവരുമെന്നുണ്ടല്ലോ. ഗോധ്ര-ഗുജറാത്ത് ദുരന്തങ്ങളുടെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളിലൊന്നാണ് ജൻസംഘർഷ മഞ്ച്. നാനാവതി-ഷാ കമീഷനുകൾക്ക് മുമ്പിൽ ഈ സംഘടന അതിന്റെ അഭിപ്രായങ്ങളും കണ്ടെത്തലുകളും സമർപ്പിച്ചിരുന്നു. ഏതാനും ദിവസം മുമ്പ് ജൻ സംഘർഷ മഞ്ചിന്റെ സെക്രട്ടറി ഡോ. മുകുൾ സിൻഹ കമീഷനു മുമ്പിൽ നടത്തിയ ഒരു പ്രസ്താവനയിൽ, മുസ്‌ലിം ഗൂഢാലോചനയുടെ ഫലം എന്ന സിദ്ധാന്തത്തിൽ കെട്ടിപ്പടുത്ത ഗോധ്ര ദുരന്തകഥയുടെ ഊടും പാവും ഇഴപിരിച്ച് പരിശോധിക്കുന്നുണ്ട്. അതിൽ ഏറ്റം ശ്രദ്ധേയമായത്, ദുരന്താവശിഷ്ടം പരിശോധിച്ച ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ റിപ്പോർട്ടിലെ പൊരുത്തക്കേടുകൾ ചൂണ്ടിക്കാണിച്ചതാണ്. മുസ്‌ലിംകൾ വണ്ടിക്ക് പുറത്തുനിന്ന് പെട്രോളൊഴിച്ച് തീകൊളുത്തി എന്ന സർക്കാർ നിലപാടിനെ സ്ഥിരപ്പെടുത്താൻ കൃത്രിമമായി നിർമിച്ചതാണീ റിപ്പോർട്ടെന്നാണ് ഡോ. മുകുൾ സിൻഹയുടെ പക്ഷം. റിപ്പോർട്ടിൽ പറയുന്ന ഹൈഡ്രോ കാർബൺ ഘടകങ്ങളുടെ അനുപാതം കത്തിക്കഴിഞ്ഞ പെട്രോൾ അവശിഷ്ടത്തിൽ ഒരിക്കലും അങ്ങനെ കാണപ്പെടുകയില്ല. പെട്രോൾ കത്തുന്നതിനു മുമ്പ് മാത്രമേ ആ അനുപാതത്തിൽ ഹൈഡ്രോ കാർബൺ ഘടകങ്ങളുണ്ടാകൂ. ഇക്കാര്യം അദ്ദേഹം പെട്രോ കെമിക്കൽ വിദഗ്ധന്മാരുടെ അഭിപ്രായങ്ങളുദ്ധരിച്ച് സ്ഥിരീകരിച്ചിരിക്കുന്നു.

ഡോ. മുകുൾ സിൻഹയുടെ വാദം ശരിയാണെങ്കിൽ, തീവണ്ടി ദുരന്തം നടന്ന ശേഷം ആരോ അവിടെ കൊണ്ടുവന്ന് ഒഴിച്ച പെട്രോളിന്റെ അവശിഷ്ടമാണ് ഫോറൻസിക് ലബോറട്ടറി പരിശോധനക്കു വേണ്ടി ശേഖരിച്ചത് എന്നു വരുന്നു. എഫ്.എസ്.എൽ റിപ്പോർട്ടിനെ കുറിച്ച് പുനരന്വേഷണം ആവശ്യപ്പെട്ടിരിക്കുകയാണ് അദ്ദേഹം. ദുരന്തത്തിനു പിന്നിലുള്ള യഥാർഥ ഗൂഢാലോചനയുടെ ഒരു കണ്ണിയാണ് മുകുൾ സിൻഹ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പക്ഷേ, കുറ്റവാളികളെ നേരത്തേ പ്രഖ്യാപിക്കുകയും ശിക്ഷിക്കുകയും ചെയ്തുകഴിഞ്ഞിരിക്കെ ഇത്തരം വെളിപ്പെടലുകളെ അംഗീകരിക്കാനും അന്വേഷണം ആ വഴിക്കുകൂടി തിരിച്ചുവിടാനും ഉത്തരവാദപ്പെട്ടവർ തയാറാകുമോ?■